വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

21 (590) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും, ബോർഡുകളിലും, കോർപ്പറേഷനുകളിലും, ക്ഷേമനിധി ബോർഡുകളിലുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തസ്തികകളിൽ എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ട് ; ഓരോ സ്ഥാപനത്തിലും നടത്തിയ നിയമനങ്ങൾ തസ്തിക അനുസരിച്ച് വിശദമാക്കാമോ ;

(ബി) ഇവയിൽ സ്ഥിരാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ ഏതെല്ലാം, താൽക്കാലികാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ ഏതെല്ലാം ; വിശദ വിവരം വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾ താൽക്കാലികാടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്ഥാപനങ്ങളിലെ നിയമനങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി.യ്ക്ക് വിട്ടിരുന്നുവോ ;

(ഇ) എങ്കിൽ ഈ സ്ഥാപനങ്ങളിൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെൽടെക്കിലെ പ്രൊമോഷൻ വ്യവസ്ഥ

22 (591) ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ കെൽടെക്കിലെ മാനേജിംഗ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റിനും അസിസ്റ്റന്റ് അക്കൗണ്ട്സ് ആഫീസർക്കും യഥാക്രമം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയും അക്കൗണ്ട്സ് ആഫീസറായും സ്ഥാനക്കയറ്റം നൽകിയത് നിർദ്ദിഷ്ടയോഗ്യതയില്ലാതിന്റെ പേരിൽ തടഞ്ഞിരുന്നോ;

(ബി) ഇവർക്ക് മാനദണ്ഡം മറികടന്ന് പ്രൊമോഷൻ നൽകാൻ വീണ്ടും മാനേജ്മെന്റ് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെൽടെക്കിന്റെ മാനേജിംഗ് ഡയറക്ടർ സർക്കാർ ചെലവിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ടോ ; ഇതിന് ഗവൺമെന്റ് അനുമതി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതേ കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly